(ബി) ഇതിൽ 4465 മെ.ടൺ റേഷൻ ഭക്ഷ്യ ധാന്യങ്ങളും 54 കി.ലി മണ്ണെണ്ണയും പോലീസും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരും ചേർന്ന് 2011 മെയ് മാസത്തിനുശേഷം പിടിച്ചെടുത്തിട്ടുണ്ട്. 2006-2010 വരെയുള്ള കാലയളവിൽ 2254.317 മെ.ടൺ റേഷൻ ഭക്ഷ്യധാന്യങ്ങളും 233.92 കി.ലി മണ്ണെണ്ണയും 7.74 മെ.ടൺ പഞ്ചസാരയുമാണ് പിടിച്ചെടുത്തിരുന്നത്. 2006 മുതൽ 2015 വരെയുള്ള കാലയളവിൽ പിടിച്ചെടുത്ത ഭക്ഷ്യധാന്യങ്ങളുടേയും മണ്ണെണ്ണയുടേയും ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.

(സി) റേഷൻ സാധനങ്ങളുടെ കള്ളക്കടത്തുമായി ബന്ധപ്പെട്ട് 5 സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്.

(ഡി) കഴിഞ്ഞ നാലു വർഷങ്ങളിൽ അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ എന്നിവയുടെ കണക്ക് അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു.*

(ഇ) കേന്ദ്രം അനുവദിച്ച അഡ്ഹോക്, നോർമൽ വിഹിതമായ ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും ഉൾപ്പെടെയുള്ള റേഷൻ സാധനങ്ങൾ പൂർണ്ണമായും ഏറ്റെടുക്കുന്നുണ്ട്.

സംയോജിത പൊതുവിതരണ സമ്പ്രദായം

193 (3943) ശ്രീ. ബെന്നിബെഹനാൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഇ) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത് ; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആധാർ അധിഷ്ഠിതമായോ സ്മാർട്ട് കാർഡ് പോലുള്ള ബദൽ മാർഗ്ഗങ്ങളുപയോഗിച്ചോ പൊതുവിതരണ സമ്പ്രദായത്തിന്റെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണർ തലത്തിൽ തയ്യാറാക്കിയ പദ്ധതി രേഖയ്ക്ക് 31-5-2014-ലെ സ.ഉ(കൈ) നമ്പർ 18/14/ഭ.സി.സ.വ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. റേഷൻ കാർഡ് പുതുക്കലിനോടനുബന്ധിച്ച് ഗുണഭോക്താക്കളുടെ ആധാർ വിവരങ്ങളും ശേഖരിക്കുന്നുണ്ട്. സമ്പൂർണ്ണ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

(ബി) ഓരോ ഗുണഭോക്താവിനെയും തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പുവരുത്തുവാൻ സാധിക്കും. ഇതുമൂലം റേഷൻസാധനങ്ങളുടെ തിരിമറി പൂർണ്ണമായും തടയാൻ സാധിക്കുന്നതോടൊപ്പം ഒന്നിലേറെ കാർഡിൽ ഒരേയാൾ തന്നെ അംഗമാകുന്നത് തടയാൻ സാധിക്കും. ഇപ്രകാരം ഡീ-ഡ്യൂപ്ലിക്കേഷൻ നടത്തിയ ഒരു സമ്പൂർണ്ണ ഡാറ്റാബേസ് സിവിൽ സപ്ലൈസ് വകുപ്പിൽ നിലവിൽ വരും. ഈ ഡാറ്റാബേസ് മറ്റ് വകുപ്പുകൾക്കും പങ്കുവയ്ക്കാവുന്നതും വിവിധ പദ്ധതികളുടെ ഗുണഫലങ്ങൾ യഥാർത്ഥ വ്യക്തിക്കുതന്നെ ലഭിക്കുന്നു എന്നുറപ്പുവരുത്തുന്നതിനും സാധിക്കും.

(സി) പൊതുവിതരണ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം സാധ്യമാകുമ്പോൾ ഒരു ഗുണഭോക്താവിന് അർഹതപ്പെട്ട വിഹിതം മുഴുവൻ ലഭിക്കുന്നു എന്നുറപ്പ് വരുത്തുവാൻ സാധിക്കും. ടിയാളുടെ അർഹതപ്പെട്ട വിഹിതം, നിരക്കുകൾ, കൈപ്പറ്റിയതും കൈപ്പറ്റാൻ അവശേഷിക്കുന്നതുമായ വിഹിതം തുടങ്ങിയവ നേരിട്ട് മനസ്സിലാക്കാനും റേഷൻ സാധനങ്ങൾ മറിച്ചു വിൽക്കപ്പെടുന്നില്ല എന്നുറപ്പുവരുത്തുവാനും സാധിക്കും.

(ഡി) മുഴുവൻ കാർഡുകളും പുതുക്കുന്നതിനോടനുബന്ധിച്ച് ആധാർ വിവരങ്ങളും മറ്റ് സാമൂഹ്യ സാമ്പത്തിക വിവരങ്ങളും ശേഖരിച്ച് ഡാറ്റാ എൻട്രി നടത്തി വരുന്നു. ഡാറ്റാ എൻട്രിയും ഡാറ്റാ വെരിഫിക്കേഷനും പൂർത്തിയായ ശേഷം സോഷ്യൽ ആഡിറ്റ് നടത്തി മുൻഗണനാ പട്ടിക തയ്യാറാക്കുന്നതാണ്. റേഷൻകടകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഒരു മോഡൽ പൈലറ്റ് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 14 റേഷൻ കടകളും എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിലെ 8 റേഷൻകടകളും ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഈ കടകളിൽ വിവിധ മാതൃകയിലുള്ള ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനും ബയോമെട്രിക് അധിഷ്ഠിതമായും അല്ലാതെയും ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്ന പദ്ധതി പരിശോധിക്കുകയും ചെയ്യുന്നതാണ്.

(ഇ) എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ കമ്പോണന്റ് 1-നായി (ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക, സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കുക തുടങ്ങിയവ) 50% ചെലവുകൾ കേന്ദ്രം വഹിക്കുന്നതാണ്. ഇതിൽ കേന്ദ്രസർക്കാർ വിഹിതമായി 12.17 കോടി രൂപയിൽ 7.30 കോടി രൂപ നാളിതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്.

നിലവിലെ റേഷൻ കാർഡുകളുടെ കണക്ക്

194 (3944) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ലക്ഷം റേഷൻ കാർഡുകളുണ്ട് ; അതിൽ എ.പി.എൽ. എത്ര ; ബി.പി.എൽ. എത്ര ; എ.എ.വൈ. എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കിയിട്ടുണ്ട് ; എത്ര ബി.പി.എൽ. കാർഡുകൾ എ.പി.എൽ. ആക്കിയിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ജീവനക്കാരിൽ (കേന്ദ്ര-സംസ്ഥാന-പൊതുമേഖല) എത്ര പേർക്ക് ഇപ്പോൾ ബി.പി.എൽ. കാർഡുകളുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) സർക്കാരിന്റെ നിർദ്ദേശം പാലിച്ച് ബി.പി.എൽ. കാർഡുകൾ എ.പി.എൽ. കാർഡുകളാക്കി മാറ്റിയ എത്ര കേന്ദ്ര-സംസ്ഥാന-പൊതുമേഖലാ ജീവനക്കാരുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ,

(ഇ) എ.പി.എൽ. കാർഡുകൾക്കും ബി.പി.എൽ. കാർഡുകൾക്കും നൽകാനായി ഓരോ മാസവും കേന്ദ്രസർക്കാർ അരി ഉൾപ്പെടെ എന്തെല്ലാം ഭക്ഷ്യോല്പന്നങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കാനും ബി.പി.എൽ. കാർഡുകൾ എ.പി.എൽ. ആക്കാനുമുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly